بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 13/11/2015

**(30 MUHARRAM 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## SERVICE TO HUMANITY / മാനവ സേവനം

### PART 5

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, മാനവസേവനം എന്ന വിഷയത്തിന്റെ അഞ്ചാം ഭാഗത്തിലേക്ക് പ്രവേശിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മുൻകഴിഞ്ഞ പ്രസംഗ വിഷയത്തിന്റെ തുടർച്ചയാണിത്. അതായത് മാനവസേവനം അഥവാ ഖിദ്മത്തെഖൽഖ്, ഇത് കഴിഞ്ഞ വെള്ളിയാഴ്ചയിലെ പ്രത്യേക പ്രസംഗത്തിന്റെ തുടർച്ചയാണ്. അവിടെ ഞാൻ പറഞ്ഞ് നിർത്തിയത് ആതിഥ്യത്തെ കുറിച്ചാണ്. (അതായത് അതിഥികളോടും, പാവപ്പെട്ടവരോടും തുടങ്ങി എല്ലാ ഓരോരുത്തരോടും)

ആതിഥ്യത്തെക്കുറിച്ച് പ്രവാചകൻ (സ) പറഞ്ഞു. ഒരിക്കൽ ഒരു പ്രഭാതത്തിൽ മുഹമ്മദ് (സ) യുടെ തിരുമുമ്പിൽ ഒരു സഹാബി പ്രത്യക്ഷനായി. അപ്പോൾ പ്രവാചകൻ (സ) അദ്ദേഹത്തോട് പറഞ്ഞു. **"ഇന്നലെ രാത്രി നിങ്ങൾ ചെയ്ത പ്രവർത്തി അല്ലാഹുവിനെ വളരെയധികം സന്തുഷ്ടനാക്കി. (ഇത് അല്ലാഹുവിനെ ചിരിയോളം കൊണ്ടെത്തിച്ചു.) ഈ സാഹചര്യത്തിൽ അല്ലാഹു (ത) താഴെപ്പറയുന്ന വചനം എനിക്ക് വെളിപാടായി നൽകുകയുണ്ടായി. "തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിൽ പോലും അവർ തങ്ങളെക്കാൾ (അഭയാർത്ഥികൾക്ക്) മുൻഗണന കൽപ്പിക്കുന്നു"** (59:10)

വസ്തുതാപരമായി പറഞ്ഞാൽ, കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബകളിൽ ഞാൻ ഓർമ്മപ്പെടുത്തിയ അധ്യായം 76:9-10 വചനങ്ങൾ ഇതേ വിഷയത്തെ തന്നെയാണ് പ്രതിപാദിക്കുന്നത്. അവർ സ്വയം പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെങ്കിലും അവർ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. പ്രവാചകൻ (സ) തന്നെപ്പറ്റി പറയുന്നത് കേട്ട് സഹാബിവര്യൻ അത്ഭുതപ്പെട്ടു. താൻ കഴിഞ്ഞ രാത്രി ചെയ്ത കാര്യത്തെ സംബന്ധിച്ച് അല്ലാഹു (ത) വളരെയധികം അഭിനന്ദനം അറിയിച്ചു എന്നതറിഞ്ഞ് അദ്ദേഹം വല്ലാതെ വികാരാധീനനായി. താൻ കഴിഞ്ഞ രാത്രി ചെയ്ത പ്രവർത്തിയെക്കുറിച്ച് അല്ലാഹു (ത) വെളിപാടിലൂടെ വിവരം പ്രവാചകരെ അറിയിച്ചു എന്നറിഞ്ഞപ്പോൾ!

കഴിഞ്ഞ ദിവസം രാത്രി, നബികരീം (സ) യുടെ അടുത്ത് ഒരു അതിഥി വന്നു. ആ സമയം വളരെ പ്രയാസമുള്ള സമയമായിരുന്നു. ജനങ്ങൾ വളരെ ദരിദ്രർ ആയിരുന്നു. അവർക്ക് കഴിക്കാൻ പോലും ഭക്ഷണം തികയാത്ത സമയം. പ്രവാചകന്റെ വീട്ടിൽ പോലും ഒന്നുമില്ലാത്ത കാലം. ആ സമയം പ്രവാചകൻ (സ) തന്റെ അനുചരന്മാരെ പള്ളിയിലേക്ക് വിളിച്ചു വരുത്തുകയും ഈ അതിഥികൾക്ക് ആതിഥ്യമരുളുവാൻ ആർക്കെങ്കിലും കഴിയുമോ എന്നാരായുകയും ചെയ്യുമായിരുന്നു. സത്യത്തിൽ വളരെ പ്രയാസമുള്ള ഒരു കാലമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അതിഥിക്കുവേണ്ടി പ്രവാചകൻ (സ) ചോദിക്കുമായിരുന്നു. അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കുവാൻ ആർക്കെങ്കിലും കഴിയുമോ, കാരണം അദ്ദേഹം നല്ല വിശപ്പുള്ളവനായിരിക്കുന്നു. ഒരനുചരൻ എഴുന്നേറ്റ് പ്രവാചകന്റെ വിളിക്ക് ഉത്തരം നൽകി. വീട്ടിൽ അൽപം ഭക്ഷണമേ ഉള്ളൂ എന്ന് അദ്ദേഹത്തിനറിയാം. എന്നാലും അദ്ദേഹത്തെ സത്ക്കരിക്കുവാൻ ആ അനുയായി തയ്യാറായി. വീട്ടിലുള്ള ആഹാരം അദ്ദേഹത്തിനും ഭാര്യക്കും കുട്ടികൾക്കും തികയുകയില്ലായിരുന്നു. കുട്ടികളെ ഉറക്കുന്നതിനു മുൻപ്, ആതിഥേയന് ഭക്ഷണം നൽകുക പ്രയാസമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ഈ സാഹച

ര്യത്തെ എങ്ങനെ നേരിടണമെന്ന ഉത്ഖണ്ഠ അദ്ദേഹത്തെ പിടികൂടി. ആർക്കും അങ്ങനെ സംഭവിക്കാവുന്നതാണ്. എന്നാൽ ഈ സാഹചര്യത്തെ മറികടക്കുവാൻ അല്ലാഹു അദ്ദേഹത്തിന് ഒരു പദ്ധതി കാട്ടികൊടുത്തു. അങ്ങനെ അദ്ദേഹം ഈ പദ്ധതി തന്റെ ഭാര്യയോട് പറഞ്ഞുകൊടുത്തു. ഒരു അതിഥി വന്നിട്ടുണ്ട്. ആ അതിഥി അല്ലാഹുവിന്റെ ദൂതന്റെ അതിഥിയാണ്. ആയതിനാൽ അദ്ദേഹത്തോട് നല്ല നിലയിൽ പെരുമാറേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അദ്ദേഹം തന്റെ ഭാര്യയോട് വീണ്ടും പറഞ്ഞു. എനിക്കറിയാം നമ്മുടെ വീട്ടിൽ അൽപ്പം മാത്രമേ ഭക്ഷണമുള്ളൂവെന്ന്. ആയതിനാൽ നമുക്ക് കുട്ടികളെ എങ്ങനെയെങ്കിലും ഉറക്കണം. കുട്ടികൾ ഉറങ്ങി കഴിഞ്ഞാൽ എന്നോട് പറയുക. ഭക്ഷണം തയ്യാറായാൽ എന്നോട് പറയുക. ഞാൻ അതിഥിയെ കൊണ്ടു വരുമ്പോൾ വിളക്ക് അബദ്ധവശാൽ അണഞ്ഞു പോയി എന്ന് കരുതത്തക്ക നിലയിൽ അണയ്ക്കുന്നതാണ്. അപ്പോൾ തീന്മേശയിൽ എത്രമാത്രം ഭക്ഷണം ഉണ്ട് എന്ന് അറിയുകയില്ല. നാം ഈ നടത്തുന്ന കാര്യങ്ങളൊന്നും അദ്ദേഹമറിയരുത്! അദ്ദേഹം ഭക്ഷണം കഴിക്കട്ടെ. നമ്മളും ഭക്ഷണം കഴിക്കുന്നുവെന്ന് തോന്നത്തക്ക നിലയിൽ നാവുകൊണ്ട് ചില ശബ്ദങ്ങളൊക്കെ ഉണ്ടാക്കികൊണ്ടിരിക്കണം, അപ്പോൾ നമ്മളും ഭക്ഷണം കഴിക്കുകയാണ് എന്ന് കരുതിക്കൊള്ളും.

ശരിക്കും നടന്നത് അങ്ങനെ തന്നെയാണ്. അതിഥി പ്രത്യേകമായി ഒന്നും ശ്രദ്ധിച്ചില്ല. അദ്ദേഹം ഭക്ഷണം കഴിച്ചു. അതിഥിയുടെ സുഹൃത്തും ഭാര്യയും ആഹാരം കഴിക്കുന്നതായി അഭിനയിച്ചു. കാരണം കൈവശമുണ്ടായിരുന്ന എല്ലാ ഭക്ഷണവും അതിഥിക്കായി വിളമ്പി. അവരും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നുവെന്ന് വരുത്തിതീർത്തു. അവരുടെ നാവുകൊണ്ട്. എന്തു ശബ്ദമാണ് പുറപ്പെടുവിച്ചുകൊണ്ടിരുന്നത്. വാനലോകത്ത് നിന്ന് അല്ലാഹുവിന്റെ സന്തോഷം ലഭിക്കുന്നതിനായി! പദ്ധതിയനുസരിച്ച് കാര്യങ്ങളെല്ലാം നടന്നു. അതിഥി ഒന്നും തന്നെ അറിഞ്ഞതുമില്ല. പ്രഭാതമായപ്പോൾ നമസ്ക്കരിക്കാനായി പള്ളിയിൽ ആളുകൾ ഒരുമിച്ചു കൂടിയപ്പോൾ, അല്ലാഹു (ത) തന്റെ പ്രവാചകനെ നടന്ന കാര്യങ്ങളൊക്കെ വെളിപാടിലൂടെ അറിയിച്ചു. എല്ലാ കാലത്തേക്കുമായി ഖുർ ആനിൽ ഈയൊരു വചനം ആതിഥ്യത്തിന്റെ സാക്ഷ്യപത്രമായി ഈ സംഭവത്തെ നിലനിർത്തി. അസാധാരണമായ അതിഥി സ്വീകരണ സംഭവമായി അത് നിലനിൽക്കുന്നു. ഇതാണ് ആ വിഷയം. ഈ വചനം ഈ പാഠമാണ് നമുക്ക് നൽകുന്നത്. വ്യക്തിപരമായ ബന്ധങ്ങൾക്കായി നാം അതിഥികളെ സ്വീകരിക്കരുത്. അല്ലാഹുവിൽ നിന്നും സ്നേഹം ആർജ്ജിക്കുവാനായി അതിഥികളെ സ്വീകരിക്കുക. ഇത്തരം ആതിഥ്യമരുളുന്നവർ, അതിഥികളുടെ സാമൂഹ്യപദവിയെ പരിഗണിക്കാറില്ല. അവർ സമൂഹത്തിൽ ഉന്നതരാണോ, താണവരാണോ! എന്ന് തരംതിരിക്കുകയില്ല) അവർ ഇത്രമാത്രം മനസ്സിലാക്കുന്നു. ഈ അതിഥി അല്ലാഹുവിന്റെ അതിഥിയാണ്. അതുകൊണ്ട് തന്നെ അവന്റെ പ്രവാചകൻ മുഹമ്മദ് (സ) യുടെ അതിഥിയുമാണ്. അതുകൊണ്ട് തന്നെ ഇസ്ലാമിന്റെ അതിഥിയാണ്. അതുകൊണ്ട് നിങ്ങൾ ഈ പരിഗണനയിൽ അതിഥികളെ സ്വീകരിച്ചാൽ നിങ്ങളുടെ ആതിഥ്യം അല്ലാഹുവിന്റെ മുൻപിൽ സ്വീകാര്യയോഗ്യമായി തീരുന്നതാണ്. ഞാനീ പറഞ്ഞ സംഭവകഥയുമായി അതിന് അഗാധമായ ഒരു ബന്ധമുണ്ടാകുന്നതാണ്.

ഈ സംഭവകഥയിലെ നായകൻ, മദീനയിലെ ഒരു അൻസാർ ആയിരുന്നു. അദ്ദേഹം മഹത്തായ ധാർമ്മിക ഗുണങ്ങളുടെ വിളനിലമായിരുന്നു. അതുകൊണ്ട് ആതിഥ്യത്തിന്റെ മകുടോദാഹരണമായ ഈ ചരിത്ര സംഭവം കാലംതോറും ആവർത്തിച്ചുകൊണ്ടിരിക്കും. ഇത്തരം ഗുണങ്ങളുള്ള ധാർമ്മികതയുള്ള മറ്റാളുകളുമുണ്ട്. അല്ലാഹുവിന്റെ തൃപ്തിക്കായി അവരും ഇത്തരം നല്ല പ്രവർത്തികൾ ചെയ്യുന്നതാണ്, നല്ല ഉപദേശങ്ങൾ നൽകുന്നതാണ്. പ്രവാചകൻ (സ) ന്റെ ഉപദേശങ്ങൾ അവർ പിന്തുടരുന്നതാണ്; നല്ല പെരുമാറ്റം കാഴ്ചവയ്ക്കുന്നവരാണ്; അവരുടെ പ്രവർത്തനങ്ങൾ ഇത്തരം നല്ല സ്വഭാവങ്ങളിലൂടെയായിരിക്കും പ്രകടമാക്കുന്നത്. അത് എത്ര മഹത്തായ പ്രവർത്തന വഴി ! ഇത്തരം മഹത്തായ രീതികളിലൂടെയാണ് ഹസ്രത് മുഹമ്മദ് (സ) ജനങ്ങളുടെ ഹൃദയങ്ങളെ കീഴടക്കിയത്. അതുപോലെ തന്നെ, ഈ ഉപദേശങ്ങൾ അവരുടെ ഹൃദയങ്ങളിൽ വളരെ വലിയ സ്വാധീനം ചെലുത്തി, ഉണങ്ങി വരണ്ട ഭൂമി വെള്ളം ആഗിരണം ചെയ്യുന്നതുപോലെ ! ആയതിനാൽ മഹത്തായ ധാർമ്മികതയിലൂടെയുള്ള നിങ്ങളുടെ യാത്ര, നല്ല പ്രവർത്തനങ്ങളിലൂടെയാണ് ആരംഭിക്കേണ്ടത്. നിങ്ങളുടെ നല്ല സ്വഭാവത്തിലൂടെയും! ആയതിനാൽ ഈ മഹത്തായ സ്ഥാനം അലങ്കരിക്കുവാൻ നിങ്ങൾ നിങ്ങളുടെ മഹത്തായ പ്രവർത്തനങ്ങൾ തുടരുക. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞതുപോലെ, നിശ്ചയമായും അത്യുന്നതമായ ധാർമ്മിക നിലവാരത്തിൽ എന്നെ എത്തിച്ചത് അല്ലാഹു തന്നെയാകുന്നു. അദ്ദേഹം സ്വയം ആ സ്ഥാനത്തേക്കെത്തിയതല്ല. ആയതിനാൽ നിങ്ങളും മുഹ

മ്മദ് (സ) യുടെ പാത പിൻതുടരുക. നിങ്ങളുടെ രീതികൾ, സ്വഭാവങ്ങൾ, ധാർമ്മികതകൾ നേരെയാക്കുക; സൂക്ഷ്മതയുള്ളവരാകുക.

ഏതൊരാൾ ഈ ധാർമ്മിക ഗുണങ്ങൾ തന്നിൽ സത്യമായ നിലയിൽ വികസിപ്പിക്കുന്നുവോ, സ്വീകരിക്കുന്നുവോ അയാൾ മറ്റാളുകളിൽ നിന്ന് എന്തെങ്കിലും അപഹരിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? അദ്ദേഹത്തിന് ഒരിക്കലും അത്തരം മോശമായ ചിന്ത ഉണ്ടായിരിക്കുകയേയില്ല. **ആയതിനാൽ മുഹമ്മദ് (സ) യുടെ ഉമ്മത്തിൽ ഇത്തരം ദുഷിച്ച രീതികൾ നിലനിൽക്കുന്നുവെങ്കിൽ, ഉദാഹരണത്തിന്, കുടുംബബന്ധങ്ങൾ (ഭാര്യ ഭർത്യ മക്കൾ) ശിഥിലമാകുന്നുവെങ്കിൽ, സാമ്പത്തിക കൊടുക്കൽ വാങ്ങലുകളിൽ കൃത്യതയില്ലാതെ വന്നാൽ, അതായത് പണം കടം എടുക്കുന്നു എന്നിട്ട് കൃത്യസമയത്ത് അതിന്റെ യഥാർത്ഥ അവകാശിക്ക് തിരികെ നൽകാതിരിക്കുക, ചതി നടത്തുക, കരാർ ലംഘനം നടത്തുക തുടങ്ങിയവ. ഇത് വളരെ ഗൗരവതരമായ കാര്യമാണ്. ഇത് അല്ലാഹുവിന്റെ കോപം ക്ഷണിച്ചു വരുത്തുന്നതാണ്. ഇത്തരം ആളുകളിൽ ധാർമ്മിക ഗുണങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല. പല കാര്യത്തിനായി പണം കടം എടുക്കുന്നവരെ കാണാം. തങ്ങൾക്ക് ചില പ്രശ്നങ്ങൾ ഉണ്ട്. അത് പരിഹരിക്കാനാണ്, അഥവാ ജോലി ഇല്ല. കച്ചവടം ചെയ്യാനാണ്. എന്നാൽ ദൗർഭാഗ്യവശാൽ, അവർ സത്യത പുലർത്തുന്നില്ല. ഇവിടെ മൗറീഷ്യസിൽ ചില ആളുകൾ പാവപ്പെട്ടവരിൽ നിന്നും പണം വാങ്ങുകയും, അഥവാ വലിയ സാമ്പത്തിക ശേഷി ഇല്ലാത്തവരെ പ്രലോഭിപ്പിച്ചു, കാനഡയിലേക്കും മറ്റും കൊണ്ടുപോകാമെന്നും തൊഴിൽ ലഭിക്കുമെന്നും പറഞ്ഞ് പണം പറ്റുന്നു. എന്നാൽ പണം പറ്റിയശേഷം ഈ ചതിയൻമാർ മുങ്ങുന്നു. ഇതെല്ലാം വളരെ മോശമായ പ്രവർത്തികൾ തന്നെയാണ്.**

**താൻ ഹസ്രത് മുഹമ്മദ് (സ) യുമായി ബന്ധപ്പെട്ട ആളാണ് എന്ന് പറയുന്ന ഒരാൾക്ക് ഈ തെറ്റായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻ പോലും സാധ്യമല്ല. അയാൾ തികച്ചും വ്യത്യസ്തമായ വഴിയിലൂടെ തന്നെയായിരിക്കും. ഇത്തരം ചീത്ത സ്വഭാവങ്ങളും രീതികളുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമുണ്ടായിരിക്കില്ല. ഇത്തരം മോശമായ കാര്യങ്ങൾ കേൾക്കുമ്പോൾ, വിശിഷ്യ ഇസ്‌ലാം മതത്തിൽ, അവരോ മുസ്ലീങ്ങളാണെന്ന് പറയുകയും ചെയ്യുന്നു, ഇത്തരം സമയങ്ങളിൽ എന്റെ ഹൃദയം വിറകൊള്ളുന്നു, കോപത്താലല്ല. വേദനയാലും നിസ്സഹായതയാലും! ഞാൻ ചിന്തിച്ചു പോവുകയാണ്. എന്റെ സന്ദേശം ഞാൻ എങ്ങനെയാണ് ജനങ്ങളിൽ എത്തിക്കുന്നത് ; ഞാൻ അവർക്ക് നൽകുന്ന ഈ ഉപദേശം എങ്ങനെ അവരുടെ അരികിലെത്തും. അവരുടെ ചെവികളിലേക്ക് തുളച്ചു കയറ്റുവാൻ ഞാൻ ഏത് വാക്കാണ് ഉപയോഗിക്കേണ്ടത് ? ചതിക്ക് ഇരകളായി തീർന്നവരുടെ പണം മടക്കി കൊടുക്കുവാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും ! തങ്ങളുടെ സൃഷ്ടാവിൽ നിന്നുള്ള ഏത് തരം ശിക്ഷകളാണ് അവരെ കാത്തിരിക്കുന്നതെന്നവർ അറിയുന്നില്ല! തീർച്ചയായും അത് കഠോരമായ ശിക്ഷ തന്നെയായിരിക്കും. വിശിഷ്യാ അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമുള്ള മുന്നറിയിപ്പുകൾക്കും അദ്ധ്യാപനങ്ങൾക്കും ശേഷം !**

ആയതിനാൽ നന്മ എന്നത് നീതിയിലധിഷ്ഠിതമാണ്. അതുകൊണ്ട് നീതിയുടെ പാതയിൽ പ്രഥമ പടി നിങ്ങൾ ചവിട്ടി കയറുന്നില്ലെങ്കിൽ, പിന്നെ എങ്ങനെയാണ് മറ്റുള്ളവർക്ക് ഉപകാരങ്ങൾ നിങ്ങൾക്ക് ചെയ്യുവാൻ കഴിയുക. ആയതിനാൽ സാഹചര്യങ്ങളുടെ യഥാർത്ഥ അവസ്ഥ തുറന്നു കാട്ടുന്നത് അല്ലാഹുവാകുന്നു. ആയതിനാൽ ഇത് കുറ്റവാളികൾക്ക് നിശ്ചയമായും അപകടകരമായ ഒരു മുന്നറിയിപ്പാണ്. ഈ ലോകത്തിലെ മറകൾ അല്ലാഹു നീക്കുവാൻ ആരംഭിച്ചാൽ, മരണശേഷം, ഈ ചലനങ്ങളെല്ലാം പൂർണ്ണമായും നീക്കം ചെയ്യും. വിധിദിനത്തിന്റെ രൂപത്തിൽ പർദ എല്ലാം നീക്കം ചെയ്യും. നിങ്ങൾ (കുറ്റവാളികൾ) മറ്റു മാനവരുടെ മുമ്പാകെ അപമാനിതരാകും. ആയതിനാൽ നല്ല സ്വഭാവങ്ങൾ ആർജ്ജിക്കുക! എല്ലാ മ്ളേച്ഛ പദ്ധതികളും ഉപേക്ഷിക്കുക. ജനങ്ങളെ കൊള്ളയടിക്കാതിരിക്കുക.

**മറ്റുള്ളവരിൽ നിന്നും തട്ടിയെടുത്ത പണം മൂടി വയ്ക്കുവാൻ ഇസ്ലാം നിങ്ങൾക്ക് അനുവാദം നൽകുന്നില്ല (തെറ്റായ പ്രവർത്തികൾ കൂടുതൽ നാൾ മൂടിവയ്ക്കുവാൻ കഴിയുകയില്ല) മുസ്ലീംങ്ങൾ ചെയ്യുന്ന മറ്റൊരു മോശമായ പ്രവർത്തിയാണിത്.** യഥാർത്ഥത്തിൽ ഇത് വളരെ അപമാനകരമാണ്. അല്ലാഹു അവർക്ക് നൽകിയതിൽ തൃപ്തിയടയാത്തവരാണവർ. അവർ മയക്കുമരുന്നുകൾ കൊടുക്കൽ, വാങ്ങൽ നടത്തുന്നു. നിയമരഹിതവും മോശവുമായ ധനം ! അവർ മനുഷ്യജീവിതം തകർത്തെറിയുന്നു; വിശിഷ്യാ യുവാക്കളുടെ ! അവർ യുവാക്കൾക്ക് മയക്കുമരുന്ന് നൽകുന്നു, എന്നിട്ട് ഈ കൊള്ളക്കാർ പണം നേടുന്നു. എത്ര മുസ്ലീംങ്ങളാണ് ഈ മയക്കുമരുന്നു കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് നിങ്ങളറിയുമ്പോൾ അത്ഭുതപ്പെട്ടു

പോകും! എത്ര മുസ്ലീംങ്ങളാണ് നേർപാതയിൽ നിന്നും വഴിതെറ്റി പോയത്! ഈ മയക്കുമരുന്ന് പാതയിൽ! സമ്പൂർണ്ണമായി തകർന്നു പോയവർ!

അതിലും അത്ഭുതാവഹം! അഹ്മദിയ്യാ ജമാഅത്തിൽ, ഖിലാഫത്തിന്റെ സംരക്ഷകരെന്നു പറയുന്നവർ, അവരുടെ (മറഞ്ഞ) കഥകൾ നിങ്ങൾ കേൾക്കുകയാണെങ്കിൽ- അവർ നടത്തിയ വൃത്തികെട്ട കച്ചവടങ്ങൾ, ധനാപഹരണത്തിലൂടെ പണക്കാരായവർ, അനേകം ജീവിതങ്ങൾ നശിപ്പിച്ചവർ, നിങ്ങൾ അത്ഭുത പരതന്ത്രരായിപോകും! അതിലെ പരമാത്ഭുതം ഒരു അഹ്മദി, മയക്കുമരുന്നിനെ അടിമയായി തീർന്ന യുവാക്കളായ അഹ്മദികളുടെ കണക്ക് എനിക്കു നൽകുകയുണ്ടായി 57% ഇതിലും കൂടുതലായിരിക്കും! മാഫിയാക്കൾ പരിശുദ്ധരായവർ എന്ന നിലയിൽ, ജനങ്ങളുടെ മുമ്പിൽ ജമാഅത്തിനുവേണ്ടി ജോലി ചെയ്യുന്നു.(അതും വാഗ്ദത്ത മസീഹിന്റെ ജമാഅത്തിന്റെ പേരിൽ)

**ഈ ആളുകൾക്ക് അഹ്മദിയാ ജമാഅത്ത് വളരെവലിയ പ്രാധാന്യം നൽകിയിരിക്കുന്നു. വെറുതേയല്ല, ഈ സാഹചര്യത്തിലാണ് അല്ലാഹു (ത) അവന്റെ ഖലീഫയെ ഉയർത്തിയതും അവന്റെ ജമാഅത്ത് സ്ഥാപിച്ചതും! കാരണം ഖലീഫത്തുൽ മസീഹിനും അദ്ദേഹത്തിന്റെ അമീർമാർക്കും മുത്തഖീങ്ങളുടെ ഇമാമായിരിക്കുവാൻ ഇനി കഴിയില്ല.** കാരണം അവർ മയക്കുമരുന്ന് മാഫിയാക്കളും മയക്കുമരുന്നിന് അടിമകളുമായിപ്പോയി. നിങ്ങളിൽ അൽപ്പമെങ്കിലും ലജ്ജ അവശേഷിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് അല്ലാഹുവിൽ ഭയം ഉണ് ടെങ്കിൽ, അല്ലാഹുവിൽ നിങ്ങൾക്ക് ഉറച്ച വിശ്വാസം ഉണ്ടെങ്കിൽ, ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബയിൽ പറഞ്ഞതുപോലെ, വിശദീകരിച്ചതുപോലെ അതായത് ഹസ്രത് മുഹമ്മദ് (സ) നമ്മോട് പറഞ്ഞു. നിങ്ങൾക്ക് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുണ്ടെങ്കിൽ, നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്ന പാതയെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക! മറ്റുള്ളവർ ഇക്കാലത്ത് തെരഞ്ഞെടുത്തിരിക്കുന്ന പാത ഏതാണെന്നും ചിന്തിക്കുക. ഏതായാലും തീർച്ചയായും അവർ നേർപാതയിലല്ല. നല്ലപോലെ ചിന്തിക്കുക! (ഭൗതികമായ /താത്ക്കാലികമായ) സാധനങ്ങൾ നിങ്ങൾ നേടുന്നു. മറ്റുള്ളവരെ ദുരിതത്തിലാഴ്ത്തിക്കൊണ്ട് ! അനീതിയിലൂടെ നിങ്ങൾ നേടുന്ന സാധനങ്ങൾ തീർച്ചയായും ശപിക്കപ്പെട്ട സമ്മാനങ്ങൾ തന്നെയാണ്. അവയ്ക്കൊരു മഹത്വവുമില്ല; ഒരു പ്രാധാന്യവുമില്ല. ആയതിനാൽ ധർമ്മാചരണങ്ങൾക്കായി, സ്വഭാവ ശുദ്ധിക്കായി ഈ രണ്ട് രംഗത്തും നാം അടരാടേണ്ടതുണ്ട്.

■ ഒന്നാമതായി നമ്മുടെ ധാർമ്മികാചാരങ്ങൾ നേരെയാക്കേണ്ടതാണ്, അത് ഹസ്രത് മുഹമ്മദ് (സ) മനസ്സിലാക്കിയ നിലയും പ്രവർത്തി പഥത്തിൽ കാണിച്ച സ്വഭാവശുദ്ധിയോടെയുമായിരിക്കണം.

■ രണ്ടാമതായി, അധാർമ്മികതയിലും ദുഷിച്ച സ്വഭാവങ്ങളിലുമാണ്ടുപോയ നമ്മുടെ സഹോദരങ്ങളെ വീണ്ടെടുക്കുവാനുള്ള കഠിന യത്നം തുടരേണ്ടതാണ്. നരകത്തിൽ നിന്നും മോചിപ്പിക്കുവാനുള്ള യത്നം ദുഷിച്ച രീതികളുള്ള ഭവനങ്ങളിൽ, നല്ല സ്വഭാവങ്ങൾ, നല്ല ധാർമ്മികത പകർന്നു നൽകുക. **നല്ല ധർമ്മാചാരണങ്ങളിലാണ് ജീവിത സന്തോഷം കുടികൊള്ളുന്നതെന്ന് അവരോട് പറയുക. ദുഷിച്ച സ്വഭാവം നരകത്തിന്റെ മറ്റൊരു പേരാണ്. ഈ മഹത്തായ ജിഹാദ് ചെയ്യുവാനുള്ള അവസരം അല്ലാഹു നമുക്ക് നൽകട്ടെ! എല്ലാ അർത്ഥത്തിലും പൂർത്തിയാക്കുവാനും അവൻ സഹായിക്കട്ടെ! ഇൻശാ അല്ലാഹ് ആമീൻ!**


<u>**Translated & Issued By**</u>

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223 / 8547299180*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************